ശുദ്ധപ്രകൃതി എന്നാൽ അഞ്ച് കാര്യങ്ങളാണ്: ചേലാകർമ്മം,
ഗുഹ്യഭാഗത്തെ രോമങ്ങൾ നീക്കം ചെയ്യുക, മീശ വെട്ടുക,
നഖം മുറിക്കുക, കക്ഷത്തിലെ രോമങ്ങൾ പറിക്കുക
എന്നിവയാണവ
ُه عَنُْه- റൈറുഹ ൂഅബ

َ ِض َي الل
ر- നിവേദനം: നബി -صلى الله عليه وسلم- പറയുന്നതായി ഞാൻ കേട്ടു: "ശുദ്ധപ്രകൃതി
എന്നാൽ അഞ്ച് കാര്യങ്ങളാണ്: ചേലാകർമ്മം, ഗുഹ്യഭാഗത്തെ രോമങ്ങൾ നീക്കം ചെയ്യുക,
മീശ വെട്ടുക, നഖം മുറിക്കുക, കക്ഷത്തിലെ രോമങ്ങൾ പറിക്കുക എന്നിവയാണവ."
[صحيح] [متفق عليه]
ഇസ്ലാമിൻ്റെ സ്വഭാവഗുണങ്ങളിൽ പെട്ട, നബിമാരുടെ ചര്യയിൽ പെട്ട അഞ്ച് കാര്യങ്ങൾ നബി -صلى الله عليه وسلم- ഈ
ഹദീഥിൽ വിവരിക്കുന്നു. ഒന്ന്: ചേലാകർമ്മം. ലിംഗാഗ്ര ഭാഗം മറക്കുന്ന വിധത്തിൽ അധികമായി
കാണുന്ന ചർമ്മം മുറിച്ചു നീക്കുക എന്നതാണ് ചേലാകർമ്മത്തിൻ്റെ ഉദ്ദേശ്യം. സ്ത്രീകളുടെ
യോനിയുടെ പ്രവേശഭാഗത്തായി കാണപ്പെടുന്ന തൊലിയുടെ അഗ്രഭാഗം നീക്കം ചെയ്യലും
ചേലാകർമ്മത്തിൽ പെടും. രണ്ട്: ഗുഹ്യസ്ഥാനത്തെ രോമങ്ങൾ നീക്കം ചെയ്യൽ. ലിംഗത്തിന്
ചുറ്റുമുള്ള രോമങ്ങൾ വടിച്ചു കളയുക എന്നതാണ് ഉദ്ദേശ്യം. മൂന്ന്: മീശ ചെറുതാക്കൽ.
പുരുഷൻ്റെ മേൽചുണ്ടിന് മുകളിൽ മുളക്കുന്ന രോമങ്ങൾ നീക്കുകയും, ചുണ്ട് വെളിവാവുകയും
ചെയ്യുന്ന വിധത്തിൽ വെട്ടിച്ചെറുതാക്കണം. നാല്: നഖം വെട്ടൽ. അഞ്ച്: കക്ഷത്തിലെ രോമങ്ങൾ
പറിക്കൽ.
https://sunnah.global/hadeeth/ml/show/3144